കടിൽ വ്യവസായം

* ൧൩൨ ൭. (൪) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ—.

(എ) തിരുവിതാംകൂർ–കൊച്ചിയിൽ കടിൽ വ്യവസായ പരിപോഷണത്തിനുവേണ്ടി എന്തു നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്നു പറയുമോ;

(ബി) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ നടത്തിവരുന്ന കടിൽ വ്യവസായങ്ങളും എതെല്ലാമെന്നും, അതിനെ വിപുലീകരിക്കുന്നതിന് അംഗീകരിക്കേണ്ട മാർഗ്ഗങ്ങളെന്തെന്നും ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ):

(എ) കടിൽവ്യവസായ പരിപോഷണത്തിനുവേണ്ടി ആദ്യം ഒരു കടിൽവ്യവസായ കമ്മിറ്റിയും അതിനെത്തുടർന്ന് ഒരു വ്യവസായ ബോർഡും സംഘടിപ്പിച്ചിട്ടുണ്ട്. അതിനുപുറമെ കടിൽവ്യവസായങ്ങൾക്കു സ്റ്റേയിറവ് എയിഡ് ഇൻഡസ്ട്രീസ് ആക്ടിൻറെ പ്രകാരം ധനസഹായം ചെയ്യുന്നതിനു വ്യവസ്ഥയും ഉണ്ട്.

(ബി) ഉണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിനകം ചെറുതരം വ്യവസായങ്ങൾക്കു സ്റ്റേയിറവ് എയിഡ് നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: ഉണ്ട്.

ശ്രീ. ഏ കെ. പാച്ചുപിള്ള: ഇവിടത്തെ കടിൽവ്യവസായങ്ങളെക്കുറിച്ച് ഗവൺമെൻറിൻറെ അഭിപ്രായം ഇൻഡ്യാ ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ആവശ്യപ്പെട്ടതായി ഓർക്കുന്നില്ല.

ശ്രീ. കെ. രാമചന്ദ്രൻ: കടിൽവ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനായി എത്ര രൂപാ ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: ൧൯ ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിൽ ഏതെങ്കിലും സംഖ്യ ചിലവായിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: കടിൽവ്യവസായ ബോർഡിൻറെ അവസാന അഭിപ്രായം വന്നതിൻ ശേഷമേ അതു പറയുവാൻ സാധ്യമുള്ളൂ.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കടിൽവ്യവസായ കമ്മിറ്റി അഭിപ്രായപ്പെട്ട എതെല്ലാം പദ്ധതികളും ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: ഒന്നാമത്തെ അവരുടെ അഭിപ്രായം ഒരു കടിൽവ്യവസായ ബോർഡു വേണമെന്നായിരുന്നു. അതു നിയമിച്ചു കഴിഞ്ഞു. പിന്നെ അവരുടെ അഭിപ്രായം ആദരിച്ച് കളമശ്ശേരിയിൽ ഒരു പാളി ടെക്കനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിക്കഴിഞ്ഞു.

ശ്രീ. കെ. രാമചന്ദ്രൻ: കടിൽവ്യവസായങ്ങൾക്കു സാമ്പത്തിക സഹായം എതു അടിസ്ഥാനത്തിൽ ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നതു?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: അതു ബോർഡിൻറെ അഭിപ്രായമനുസരിച്ച് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മാത്യു: കടിൽവ്യവസായക്കമ്മറിയിലെ അംഗങ്ങളുടെ പേരുകൾ പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

മെമ്പേഴ്സ്

1. പി. ജെ. തോമസ്സ്.
2. കറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്.
3. തങ്കമ്മകുഞ്ഞു മുസലിയാർ.
4. കെ. കുഞ്ഞുരാമൻ.
5. മിസസ്സ് യൂർ.

ശ്രീ. കെ. എ. മാത്യു: ഇവർ എല്ലാവരും കടിൽവ്യവസായത്തിൽ തല്പരരാണോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: അങ്ങിനെയാണെന്നാണ് വിചാരിക്കുന്നത്.

PLACES OF PUBLIC WORSHIP AND CEMETERIES

*168. [6] **Sri. [Paul Thaliath:** Will the hon. the Chief Minister be pleased to state.—

(*a*) whether it is necessary now to get the previous permission of the Government to open cemeteries and erect places of public worship in this State; and

(*b*) if the answer to (*a*) is in the affirmative the regulation or law under which such restrictions have been imposed?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Section 2 of the Erection of Religious Buildings Act I of 1062, clause 4, and Proclamation dated 13th Vrischigam 1074.

ശ്രീ. പാൾ തളിയത്തു: പാർട്ട് എ സ്റ്റേറകളിലും, ബി സ്റ്റേറകളിലും പൊതു ആരാധന സ്ഥലത്തേയോ, ശ്മശാനത്തേയോ സംബന്ധിച്ചുള്ള നിയമങ്ങൾ ഒരുപോലെയാണോ അതോ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. സി. കേശവൻ: പാർട്ട് എ സ്റ്റേറകളെപ്പററി ഇൻഡ്യൻ പീനൽക്കോഡുകൊണ്ടു പറയാൻ നിവൃത്തിയുള്ളൂ. ഈ സ്റ്റേറം കൊച്ചി സ്റ്റേറം സംയോജിപ്പിക്കുന്നതിനുമുമ്പ് ഈ വകക്കുവേണ്ടി പ്രത്യേക വ്യവസ്ഥകൾ ഉണ്ടായിരുന്നു.

DENOMINATIONAL SCHOOLS

*169. [7] **Sri. Paul Thaliath:** Will the hon. Minister for Education be pleased to State.—

(*a*) whether denominational schools are still functioning in the State; and

(*b*) if so, the number of such schools?

Minister for Education and Revenue **(Sri. L. M. Pylee):**

(*a*) No.

(*b*) Does not arise.

ശ്രീ. പാൾ തളിയത്തു: ഗവർമ്മെൻറിൽനിന്നും വേണ്ട നിർദ്ദേശം കൊടുക്കാത്തതുകൊണ്ട് പല ഡിനാമിനേഷനൽ സ്കൂളുകളും പ്രവർത്തനം നടത്തുന്നില്ലെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly